(ബി) പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗക്കാർക്കും ആദിവാസി ജനതയ്ക്കുമായി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിലവിലെ സ്ഥിതി സഹിതം ലഭ്യമാക്കാമോ;

(സി) ഈ കാലയളവിൽ റാന്നി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ/ ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ പട്ടികയായി ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗം

83 (389) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നൽകുന്ന പട്ടികജാതി ക്ഷേമ ഫണ്ട് സംസ്ഥാനത്ത് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ളതും ജീവനോപാധിക്ക് ഉതകുന്നതും വരുമാനദായകവുമായ പദ്ധതികൾ ഉൾക്കൊള്ളിച്ച് പൂർണ്ണമായും കേന്ദ്ര ഫണ്ടുപയോഗിച്ച് എസ്.സി.എ. റ്റു എസ്.സി.എസ്.പി. പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലാതല കമ്മിറ്റി അംഗീകാരം നൽകുന്ന പ്രൊപ്പോസലുകളാണ് ഇതിനായി പരിഗണിക്കുന്നത്. അതിക്രമ നിരോധന നിയമപ്രകാരമുള്ള ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികൾ 50% കേന്ദ്ര വിഹിതത്തോടെ നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ Single Nodal Agency വഴി നടപ്പാക്കുന്നതിനും കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ Single Nodal Account വഴി വിനിയോഗിക്കുന്നതിനും കേന്ദ്ര സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 50 ശതമാനത്തിലധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന റവന്യൂ വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും സർവ്വേയുമായി പ്രധാനമന്ത്രി ആദർശ ഗ്രാമ യോജന എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ആരോഗ്യ ഹാനിക്കിടയാകുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെടുന്നവരുടെ മക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം DBTS വഴി ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കുട്ടികളുടെ അക്കൗണ്ടിൽ തുക നേരിട്ട് അനുവദിക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഫണ്ടുകളുടെ വിനിയോഗത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഫണ്ട് വിതരണം ചെയ്യുന്ന രീതി എന്താണെന്നും അറിയിക്കുമോ?

എസ്.സി.എ. റ്റു എസ്.സി.എസ്.പി. പദ്ധതി പ്രകാരം ജില്ലാതല കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രൊപ്പോസലുകൾക്ക് പദ്ധതി നടത്തിപ്പിലേക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് തുക അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. മറ്റുള്ള പദ്ധതികൾ എല്ലാം തന്നെ ഡയറക്ടറേറ്റ് തലത്തിൽ തന്നെയാണ് നടപ്പിലാക്കി വരുന്നത്.

(സി) എസ്.സി. പ്രൊമോട്ടർമാരെ സ്വാധീനിച്ച് ഒരു വിഭാഗം രാഷ്ട്രീയ നേതാക്കൾ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി അറിയിക്കുമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നടപ്പിലാക്കി വരുന്ന പഠനമുറി ധനസഹായം, വിവാഹ ധനസഹായം എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർ ആയിരുന്ന ശ്രീമതി സംഗീത ജി.വി. സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തുടർ പരിശോധനയിൽ, ടി ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രാഹുൽ യു.ആർ. ആണ് ടി സാമ്പത്തിക ക്രമക്കേടിൽ പ്രധാന പങ്ക് വഹിച്ചിരുന്നതെന്നും വകുപ്പിന്റെ വിവിധ പദ്ധതികൾക്കായുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാതെ, ടിയാൻ വ്യാജ രേഖകൾ ചമച്ച്, ടിയാന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് സർക്കാർ പണം അപഹരിക്കുകയാണുണ്ടായതെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. BIMS Software മുഖേന വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന അവസരത്തിൽ ടി ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറിനു പകരം ടിയാന്റെ (ശ്രീ. രാഹുൽ യു.ആർ.) സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും അക്കൗണ്ട് നമ്പർ നൽകി പണം തട്ടിയെടുക്കുന്നതാണ് ടിയാൻ അവലംബിച്ചിരുന്ന രീതിയെന്നും പ്രാഥമിക വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംഭവത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായി കണ്ടെത്തിയ ടി ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രാഹുൽ യു.ആർ.-നെ 7-4-2021-ൽ വകുപ്പ് ഡയറക്ടറുടെ എസ്റ്റാ. എ 4-6333/2021 നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്ത് ഉത്തരവാകുകയും ടി ഓഫീസിലെ എസ്.സി. പ്രൊമോർട്ടർമാർ ആയിരുന്ന ശ്രീമതി സംഗീത ജി. വി, ശ്രീ. വിശാഖ് സുധാകരൻ എന്നിവരെ എസ്.സി പ്രമോട്ടർമാരുടെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടിയാൻ പണം നിക്ഷേപിച്ച അക്കൗണ്ട് നമ്പറിനുടമയായ കൊല്ലം ജില്ല പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി പൂർണ്ണിമ ബി. പി.-യുടെ ഭാഗത്ത് നിന്നും ടി വിഷയത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ 9-4-2021-ൽ വകുപ്പ് ഡയറക്ടറുടെ എസ്റ്റാ. എ 4- 6333/21 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത ഉത്തരവായിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പ് ഉന്നതതല അന്വേഷണ സംഘത്തിന്റെ തുടരന്വേഷണത്തിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന പട്ടികജാതി വിഭാഗക്കാർക്കുള്ള വിവിധ സാമ്പത്തിക വിതരണ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതിൽ ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്- I ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ.എസ്, ശ്രീ. മനോജ് എസ്. ആർ. എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നു. തുടർന്ന് ടിയാളുകളെ 19-4-2021-ൽ വകുപ്പ് ഡയറക്ടറുടെ എസ്റ്റാ. എ 4-6333/21 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന നടത്തി വരുന്നു. മേൽ നടപടികൾ കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് സീനിയർ ക്ലാർക്ക് ശ്രീ. രാഹുൽ യു.ആർ., സീനിയർ ക്ലാർക്ക് ശ്രീമതി പൂർണ്ണിമ ബി.പി., എസ്.സി പ്രൊമോട്ടർമാരായിരുന്ന ശ്രീമതി സംഗീത ജി.വി., ശ്രീ. വിശാഖ് സുധാകരൻ എന്നിവർക്കെതിരെ പോലീസിൽ പരാതി നൽകുകയും പോലീസ് ടി വ്യക്തികൾ ഉൾപ്പെടെ ടി വിഷയവുമായി ബന്ധപ്പെട്ട ആളുകൾക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.